# സമകാലികപ്രശ്നങ്ങൾ


**ആശയസംഗ്രഹം (Abstract)**

ഇരുപതാം നൂറ്റാണ്ട് നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് ഒരു ചിന്ത അതാണ് എന്നെ ഇത് എഴുതുവാൻ പ്രേരിപ്പിച്ചത്. മതഭ്രാന്ത്, തീവ്രവാദം, ബാലവേല, തുടങ്ങിയ വസ്തുതകളെകുറിച്ച് ഒരു വിവരണമാണ് ഞാൻ ഉദ്ദേശിക്കുന്നത്. അതിനെകുറിച്ച് അറിയാത്തവർക്ക് ഒരു അവബോധം നൽകുക. നാം ജീവിക്കുന്ന ലോകത്തിലെ ഈ പ്രവൃത്തികളിൽ നമുക്ക് ചെയ്യാൻ പറ്റുന്ന എന്തെങ്കിലും ചെയ്യാൻ സാധിച്ചാൽ അത്രയും നന്ന്. 'അണ്ണാർക്കണ്ണന് തന്നാലായത്' എന്ന് കേട്ടിട്ടില്ലേ.

**മതഭ്രാന്ത്:**

ആധുനിക മനുഷ്യൻ പുരോഗമിച്ചു എന്ന് അഹങ്കരിക്കുമ്പോഴും മതമൗലികവാദികൾ പെരുകികൊണ്ടിരിക്കുന്നു. എന്തിന്റെ പേരിലാണെങ്കിലും ആ നാട് തകർന്നുകൊണ്ടിരിക്കുന്നു. ജനങ്ങളിൽ നിന്ന് ഒരു അവബോധം ഉണ്ടായാൽ മാത്രമേ നമുക്ക് മോചനമുള്ളൂ. എല്ലാവരും സഹോദരങ്ങളാണെന്നുള്ള തത്വങ്ങളിലേയ്ക്ക് കടന്നുവന്നാൽ മാത്രമേ നമുക്ക് മോചനമുള്ളൂ. നാം എല്ലാവരും ഒറ്റക്കെട്ടായി നിന്നാൽ ഈ രാജ്യത്തെ നമുക്ക് രക്ഷിക്കാനാകും.

'മതം' എന്നാൽ അഭിപ്രായങ്ങളാണ്. ആ അഭിപ്രായത്തിനനുസരിച്ച് ഓരോരുത്തരും ജീവിച്ചുകൊള്ളട്ടെ. ഓരോരുത്തരുടെയും ജീവിതസ്വാതന്ത്ര്യത്തിൽ നാം എന്തിന് ഇടപെടണം. ഭരണഘടന വിഭാവന ചെയ്ത ഒന്നാണ് 'മതേതരത്വം'. ആ മതേതരത്വത്തിൽ നമുക്ക് ജീവിച്ചുകൂടേ. നല്ലൊരു ഭാരതത്തിനുവേണ്ടി നമുക്ക് സ്വപ്നം കാണാമല്ലോ.

പാരമ്പര്യമായി നാം കാത്തുസൂക്ഷിക്കുന്ന ആ 'സഹോദരത്വം' ഭാവിതലമുറയ്ക്കായി കാഴ്ചവെക്കുന്നതിൽ അപ്പുറം മറ്റൊന്നുമില്ല എന്ന് മനസ്സിലാക്കുക.

**തീവ്രവാദം:**

തീവ്രവാദം രാജ്യത്ത് വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഓരോ പുലർച്ചകളും നമുക്ക് സംഭാവന ചെയ്യുന്നത് വേദനയുടെ അറിവുകളാണ്. ഈ അടുത്ത കാലങ്ങളിലായി അക്രമണങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ലണ്ടൻ, ഫ്രാൻസ്, തുടങ്ങിയ രാജ്യങ്ങളിലും അതിന്റെ അക്രമണം നാം കേൾക്കുന്നു. ലോകമെമ്പാടും ചാവേർപടയുടെ അക്രമണങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. കൂട്ടംകൂടുന്ന സ്ഥലങ്ങളിലാണ് ചാവേറുകളുടെ ഇത്തരത്തിലുള്ള ആക്രമണങ്ങൾ കാണുവാനിടവരുന്നത്.

ആദ്യകാലങ്ങളിൽ നടന്നിരുന്ന 'ഒളിപ്പോര്' ഇതിന് നല്ല ഉദാഹരണമാണ്. അത് നാടിനെ പാരതന്ത്ര്യത്തിൽ നിന്ന് രക്ഷപ്പെടുത്തുവാനുള്ള ശ്രമമായിരുന്നു. എന്നാൽ ഇന്നാകട്ടെ സ്വാർത്ഥതയാണ് ഇത്തരത്തിലുള്ള ആക്രമണത്തിന്റെ പിന്നിൽ. നകസൽബാരികളും, മാവോയിസ്റ്റുകൾ, നമ്മുടെ നാടിനെ കീഴ്പ്പെടുത്തികൊണ്ടിരിക്കുന്നു. ലോകം അക്രമണത്തിന്റെ കേളീരംഗമായി മാറിയിരിക്കുന്നു. പാശ്ചാത്യനാടുകളാകട്ടെ, പൗരസ്ത്യനാടുകളാകട്ടെ ഇതിൽ നിന്ന് മുക്തരല്ല. സുരക്ഷിതത്വം എവിടെയും അനുഭവിക്കുവാൻ സാധിക്കുന്നില്ല. 'നീർപ്പോളപോലെയല്ലയോ ജീവിതം' എന്നത് ഇന്ന് സാർത്ഥകമായികൊണ്ടിരിക്കുകയാണ്.

**പകർച്ചവ്യാധികളുടെ കടന്നുകയറ്റം:**

നഗരപ്രാന്തങ്ങൾ മാലിന്യകൂമ്പാരങ്ങളുടെ കേളീരംഗമായി മാറികൊണ്ടിരിക്കുകയാണ്. ആരോഗ്യപരിപാടികൾ പരിഹാരങ്ങൾ കണ്ടെത്തുന്നതോടൊപ്പം പുതിയ പ്രശ്നങ്ങളും സൃഷ്ടിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. സാങ്കേതികവിദ്യകളുടെ വരവ് നാടിനെ ഒരു തരത്തിൽ, അല്ലെങ്കിൽ മറ്റൊരു തരത്തിൽ അപകടത്തിന്റെ പടുകുഴിയിൽ തള്ളിയിടുന്നു.

ലോകം ഒരു 'ഡിസ്പോസിബിൾ' സംസ്കാരത്തിന്റെ മഹാവിപത്തിൽ ചെന്നെത്തിയിരിക്കുകയാണ്. ഇത് പ്രകൃതിദേവിയെ എത്രമാത്രം ദുഃഖിപ്പിക്കുന്നുവെന്ന് ആരെങ്കിലും ശ്രദ്ധിക്കുന്നുണ്ടോ. ദാരിദ്രരേഖയ്ക്ക് താഴെയുള്ളവന് ഒരു ഉയർച്ചയും ലഭിക്കുന്നില്ല. ഓരോ കാലങ്ങളിലും കടന്നുവരുന്ന ഭരണകൂടങ്ങൾ നാടിനെ സംരക്ഷിക്കുന്നുവെന്ന് പറഞ്ഞ് നാടിനെ തകർത്തുകൊണ്ടിരിക്കുകയാണ്. പുതിയ കണ്ടുപിടുത്തങ്ങൾ സംഭവിക്കുമ്പോഴും, പുതിയ രോഗങ്ങളുടെ ആഗമനം ഈ നാടിനെ കീഴ്പ്പെടുത്തുന്നു.

ചേരികളിൽ കുന്നുകൂടുന്ന മാലിന്യകൂമ്പാരങ്ങളാണ് രോഗത്തിന്റെ ഈറ്റില്ലം. ബാംഗ്ലൂർ പോലെയുള്ള, കേരളം പോലെയുള്ള നഗരങ്ങൾ, 'പുനരുപയോഗം' (Recycling) എന്ന നടപടിയിലൂടെ മാലിന്യമുക്തമായ ഒരു രാജ്യത്തിനെ കെട്ടിപടുക്കുവാൻ ശ്രമിക്കുമ്പോൾ 'അല്ലയോ മനുഷ്യ' നമുക്കും അതിൽ പങ്കുചേരാമല്ലോ. എന്നാൽ നാം അതിൽനിന്ന് അകന്നു നിൽക്കുന്നു. പകർച്ചാവ്യാധികളോടൊപ്പം പോഷകാഹാരക്കുറവുകൊണ്ടുള്ള രോഗങ്ങളും, തിരക്കിട്ട വ്യവസായവൽക്കരണത്തിന്റെയും, രാസവസ്തുക്കൾ കലർന്ന പഴവർഗ്ഗങ്ങളും, സസ്യാഹാരങ്ങളും അവരെ കൂടുതൽ രോഗാവസ്ഥയിലേയ്ക്ക് നയിക്കുകയാണ്.

'സ്വന്തം ബന്ധുവിനാണെങ്കിൽ അത്തരത്തിൽ ഒരു ഭക്ഷണം അവൻ നൽകുമോ?' 'ഇല്ല'. മക്കൾക്കുവേണ്ടി പരക്കം പാഞ്ഞ് എല്ലാം നേടിയെടുത്തതിനുശേഷം, വിശ്രമിക്കാമെന്ന് കരുതുമ്പോഴേയ്ക്കും എല്ലാ രോഗങ്ങളും അവനെ ഗ്രസിച്ചു കഴിഞ്ഞിരിക്കും. ഷുഗർ, കൊളസ്ട്രോൾ, ഗ്യാസ്ട്രബിൾ തുടങ്ങിയവ ഒരു ദാനമെന്നോണമാണ് അവന് ലഭിച്ചിരിക്കുക. ഭക്ഷണക്രമം ശ്രദ്ധിക്കേണ്ട സമയം കഴിഞ്ഞുപോയിരിക്കുന്നു.

ഫാസ്റ്റ്ഫുഡ് - ബർഗർ, കെ. എഫ്. സി പോലെയുള്ള പല തരത്തിലുള്ള ഫുഡുകൾ നമ്മുടെ ജീവിതത്തിന്റെ ഒരു ഭാഗമായി തീർന്നിരിക്കുന്നു. അതിൽനിന്നുള്ള മോചനം ഒരു തരത്തിലെങ്കിലും നമ്മെ രോഗവിമുക്തമാക്കും. ഫാസ്റ്റ്ഫുഡ് മനുഷ്യനെ വളരെയധികം സ്വാധീനിച്ചിരിക്കുന്നു. Pizza പോലെയുള്ള ഭക്ഷണക്രമങ്ങൾ നമ്മെ എത്രമാത്രം സ്വാധീനിച്ചുകഴിഞ്ഞു. വർത്തമാനത്തിൽ മാത്രം ജീവിക്കുക എന്നതിൽ അവർ എത്തിനിൽക്കുകയാണ്. അങ്ങനെയായാൽ ഭൂതകാലവും, ഭാവിയും നമ്മെ തകർക്കുകയില്ലേ? ചിന്തിക്കുക.

**മലിനീകരണം:**

രോഗത്തിന്റെ പെരുപ്പത്തിനെക്കുറിച്ച് നാം പഠനം നടത്തുമ്പോൾ അതിനു മുഖ്യഹേതു മലിനീകരണം തന്നെയാണെന്ന് നമുക്ക് അറിയാം. എന്നാൽ അതിൽനിന്ന് എങ്ങനെ രക്ഷ നേടും. രാസവളങ്ങളുടെ ഉപയോഗം നദികളെ വിഷലിപ്തമാക്കുകയാണ്. അതിൽനിന്ന് ഒഴുകുന്ന ജലം മനുഷ്യനാകട്ടെ, മൃഗങ്ങളാകട്ടെ ഉപയോഗിക്കാൻ ഇടവരുകയും ജനങ്ങളെ രോഗാവസ്ഥയിലേയ്ക്ക് നയിക്കുകയും ചെയ്യുന്നു.

ഡി. ഡി. റ്റിയുടെ ഉപയോഗം പരിസരത്തിലുള്ള ജലത്തിനും, മണ്ണിനും എല്ലാം ഭീഷണിയാണ്. ആരോഗ്യസംഘടനയുടെ വെളിപ്പെടുത്തൽ വളരെ ഭയാനകമാണ്. നൈട്രേറ്റും, രാസ

വസ്തുക്കളും ജലത്തിലും, മണ്ണിലും കലരുകയും മാരകരോഗങ്ങൾക്ക് കാരണമായി തീരുകയും ചെയ്യുന്നു. ഞെട്ടിക്കുന്ന ഈ സത്യം നാം അംഗീകരിച്ചേ പറ്റൂ.

നമ്മുടെ തെറ്റായ സമീപനങ്ങൾ നാടിനെ നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. റോഡുകൾക്കുവേണ്ടി, മനുഷ്യന്റെ കെട്ടിടസമുച്ചയങ്ങൾക്കുവേണ്ടി മലകളെ നാം വെട്ടിനിരത്തുന്നു. ഇത് ഫലഭൂയിഷ്ഠിയുള്ള മണ്ണിനെ നഷ്ടപ്പെടുത്തുന്നു. എങ്ങനെയെന്ന് വെച്ചാൽ,വൃക്ഷങ്ങൾ വെട്ടിനിരത്തുകവഴി, മണ്ണൊലിപ്പ് വർദ്ധിക്കുകയും, മേൽമണ്ണ് ഒലിച്ചുപോകുന്നതിന് കാരണമായി തീരുകയും ചെയ്യുന്നു.

ഓരോ വർഷം കഴിയുംതോറും മലകളെല്ലാം നഗരങ്ങളായികൊണ്ടിരിക്കുന്നു. മഴക്കാടുകൾ അപ്രത്യക്ഷമായിരിക്കുന്നു. ഓരോ വർഷവും ഉരുൾപൊട്ടലിന്റെയും, മണ്ണൊലിപ്പിന്റെയും തിക്തഫലങ്ങൾ നാം അനുഭവിച്ചുകൊണ്ടിരിക്കുന്നു. 'കാടുനശിപ്പിക്കരുതെന്ന്' നാം മുറവിളി കൂട്ടുമ്പോഴും ഒരു സമൂഹം അത് പരിഗണിക്കുന്നില്ല. എത്ര അനുഭവങ്ങൾ ഉണ്ടായാലും നാം അവഗണിക്കുകയാണ്.

**ബാലവേല:**

ബാലവേല രാജ്യത്ത് നിരോധിച്ചിട്ടുണ്ടെങ്കിലും ഇന്നും പഴയപ്പടി തുടരുകയാണ്. വിദ്യാഭ്യാസവും കളിയും വിശ്രമവും ആരോഗ്യകരമായ വളർച്ചയും കുട്ടിക്കാലവും എന്താണെന്നറിയാതെ ലക്ഷകണക്കിനാ കുട്ടികളാണ് ഇപ്പോൾ ഫാക്ടറികളിലും കൃഷ്യിടങ്ങളിലും നിർമ്മാണങ്ങളിലും, ഖനികളിലും മറ്റും ജോലിയിലേർപ്പെട്ടിരിക്കുന്നത്. ബാലവേല, ജീവിതകാലം മുഴുവൻ തിരുത്താനാവാത്ത മാനസിക-ശാരീരിക പരിക്കുകൾ കുട്ടികളുടെമേൽ ഏൽപ്പിക്കുന്നു. ബാലവേല അനുവദിക്കുന്നില്ലെങ്കിലും നിയമപാലകർ കണ്ണുചിമ്മുകയാണ്.

2006 – ലാണ് ബാലവേല നിർത്തലാക്കികൊണ്ട്, ബാലവേല നിരോധനനിയമം നടപ്പിലാക്കപ്പെട്ടത്. എന്നാൽ പതിന്നാലു വയസ്സിനുമുകളിലുള്ള കുട്ടികൾക്ക് ഏതു ജോലിയും ചെയ്യാം. ഭാരതത്തിൽ ഒരു വ്യക്തിക്ക് പൗരാവകാശം നൽകുന്നത് 18 വയസ്സിലാണ്. അതിനർത്ഥം അതിന്റെ മുമ്പ് അവർ കുട്ടിയാണ്. സ്വന്തമായി തീരുമാനങ്ങളെടുക്കാൻ അവൻ പക്വത യാർജ്ജിച്ചിട്ടില്ല എന്നർത്ഥം. ഏകദേശം 60 ലക്ഷം കുട്ടികൾ തൊഴിൽ നിർമ്മാണപ്രവർത്തനത്തിൽ ഇന്നും സജീവമാണെന്ന് പറയുന്നു. കായികവും, മാനസികവുംമായി സന്തോഷം അനുഭവിക്കേണ്ട ഈ സന്ദർഭത്തിലാണ്, ഈ രീതിയിൽ കുട്ടികൾ കഷ്ടപ്പെടുന്നത്.

വടക്കേന്ത്യയിലാണ് ഇത്തരത്തിൽ ബാലവേല കൂടുതലായി കാണുവാൻ സാധിക്കുന്നത്. ബാലവേലക്കാരിൽ മൂന്നിലൊന്ന് വ്യവസായമേഖലകളിലാണെന്നാണ് സ്ഥിതിവിവര കണക്ക് രേഖപ്പെടുത്തുന്നത്. തൊഴിൽമേഖലയിൽ ഏർപ്പെട്ടിരിക്കുന്നതിൽ നല്ലൊരു വിഭാഗം പാൽ, ബീഡി, സിഗരറ്റ് വ്യവസായരംഗങ്ങളിലും, അവയുടെ നിർമ്മാണരംഗങ്ങളിലും ഏർപ്പെട്ടിരിക്കുന്നു. ഇത് മാരകമായ രോഗങ്ങളിലേയ്ക്ക് അവരെ നയിക്കുന്നു. മാത്രമല്ല, ശ്വാസകോശസംബന്ധമായ രോഗങ്ങളിലേയ്ക്ക് അവരെ നയിക്കുന്നു.

ഇനി കുട്ടികൾ ഏർപ്പെട്ടിരിക്കുന്ന മറ്റൊരു രംഗം എന്നു പറയിന്നത്, കാർഷികമേഖല യണ്. നീണ്ട മണിക്കൂറുകൾ ചെലവഴിക്കുന്ന കുട്ടികൾ സൂര്യാഘാതം മൂലം ത്വക്കുരോഗ ങ്ങൾക്ക് അടിമപ്പെട്ടുപോകുന്നു. മാത്രമല്ല, കീടനാശിനികളുടെ ഉപയോഗം, ആ പദാർത്ഥ ങ്ങളിൽ നിന്ന് പുറപ്പെടുന്ന രൂക്ഷഗന്ധം - പലപ്പോഴും ആരോഗ്യകരമല്ലാത്ത ഭക്ഷണം, ആരോഗ്യകരമല്ലാത്ത വെള്ളം അവരിൽ ദോഷഫലങ്ങൾ സൃഷ്ടിക്കുന്നു. ഇത് കൂടാതെ, 10 വയസ്സിനും, 12 വയസ്സിനും ഇടയ്ക്കുള്ള പെൺകുട്ടികൾ ലൈംഗികാക്രമണങ്ങൾക്കും വിധേ യമാക്കപ്പെടുന്നുവെന്നാണ് വെളിപ്പെടുത്തൽ. എന്നാൽ അത് പലപ്പോഴും സമൂഹത്തിനോട് വെളിപ്പെടുത്താൻ അവർ ഭയപ്പെടുന്നു.

മുതലാളിമാർ തങ്ങളെ ജോലിയിൽനിന്ന് പിരിച്ചുവിടുമോ എന്ന് അവർ ഭയപ്പെടുന്നു. ഭീഷണിയുടെ - ദാരിദ്ര്യത്തിന്റെ ഇരകളായി തീർന്ന ഇവർക്ക് ജീവിക്കാൻ അവകാശമില്ലേ? ദാരിദ്ര്യമാണ് അവരെ ഈ ശോചനീയാവസ്ഥയിൽ എത്തിക്കുന്നത്. വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ച്, അതിൽനിന്ന് അവർക്ക് നേടിയെടുക്കാൻ സാധിക്കുന്ന സാധ്യതക ളെക്കുറിച്ച് ആ മാതാപിതാക്കൾ ചിന്തിക്കുന്നില്ല. ഇപ്പോഴത്തെ ദാരിദ്ര്യം ഇല്ലായ്മ ചെയ്യാൻ, ഭാഷയെക്കുറിച്ച് ചിന്തിക്കാതെ, ദാരിദ്ര്യത്തിന്റെ വിഴുപ്പുഭാണ്ഡമേന്തുമ്പോൾ അവർക്ക് തോന്നിപോകുന്നു എന്താണ് വിദ്യാഭ്യാസം? ഇതിലൂടെ എന്ത് നേടാൻ? ഉള്ളകാലം ജീവിക്കാം? എന്നാൽ ഇതിനെതിരായി പ്രവർത്തിക്കേണ്ട കാലം കടന്നുപോയിരിക്കുന്നു. നല്ലൊരു യുവ തലമുറയെ വാർത്തെടുക്കുന്നതിൽ ഈ സമൂഹത്തിനുള്ള ഉത്തരവാദിത്തം വളരെ വലുതാണ്.

ഈ സന്ദർഭത്തിൽ ഒരു വിഭാഗം മാത്രം മതിമറന്ന്, ആനന്ദത്തിൽ ആറാടി, ജീവിതത്തിന്റെ ആഹ്ലാദത്തിൽ ജീവിക്കുമ്പോൾ, ഈ പാവങ്ങൾ അനാഥരായി, രോഗികളായി തങ്ങളുടെ ജീവിതഭാരം താങ്ങി ഓരോ പടവുകളും കഷ്ടപ്പെട്ട് കയറുമ്പോൾ ഒരു ചെറുവിരൽ അന ക്കാൻ നമുക്ക് സാധിക്കുകയില്ലേ? ആ സമൂഹത്തിന് ഒരു അവബോധം നൽകാൻ നമുക്ക് സാധിക്കുകയില്ലേ? എവിടെയാണ് നമ്മുടെ നീതിബോധം ചെന്നുനിൽക്കുന്നത്? ബാലവേല ജനാധിപത്യത്തിന്റെ തിളക്കമാണോ? പതനമാണോ? ചിന്തിക്കുക. നാം ഈ ലോകത്തിൽ ജീവിച്ചിരുന്നതിന്റെ ഒരു ഓർമ്മയ്ക്കായി, ഈ സമൂഹത്തിൽ എന്തെങ്കിലും ചെയ്യാൻ സാധി ക്കുമെങ്കിൽ നമുക്ക് ആകാവുന്ന രീതിയിൽ പ്രവർത്തിക്കുക.

### ആഗോളതാപനം:

ഇരുപതാം നൂറ്റാണ്ടിന്റെ വെല്ലുവിളിയാണ് ആഗോളതാപനം. ഭൂമിയിലെത്തുന്ന സൂര്യപ്ര കാശവും ചൂടും ഗണ്യമായ തോതിൽ ബഹിരാകാശത്തിലും ചൂടിന്റെ തോത് വർദ്ധിപ്പിക്കു ന്നുണ്ട്. ഹരിതഗൃഹവാതകങ്ങൾ എന്നറിയപ്പെടുന്ന കാർബൺഡൈഓക്സൈഡ്, മീഥേൻ, മെട്രേറ്റ് ഓക്സൈഡ്, ക്ലോറോഫ്ളൂറോ കാർബണുകൾ, വിഷം കലർന്ന നീരാവി, ഫാക്ടറി കളിൽനിന്ന് ബഹിർഗമിക്കുന്ന പുക, തുടങ്ങിയ വാതകങ്ങൾ ഭൂമിയുടെ താപനില വർദ്ധി ക്കാൻ കാരണമാകുന്നു. ഈ വാതകങ്ങൾ താപരശ്മികളെ ആഗിരണം ചെയ്ത് ഭൂതലത്തി ലേയ്ക്ക് വികിരണം ചെയ്ത് താപനിലയെ വർദ്ധിപ്പിക്കുന്നു.

അന്തരീക്ഷമലിനീകരണത്തെക്കുറിച്ചുള്ള പഠനം, ഇന്ന് ലോകവ്യാപകമായി നടന്നുകൊണ്ടിരിക്കുന്നു. 1989 മുതൽ ലോകാന്തരീക്ഷനിരീക്ഷണസംഘടന – ആഗോളപരിസ്ഥിതി നിർമ്മാണപദ്ധതിയ്ക്ക് ആരംഭം കുറിയ്ക്കുകയുണ്ടായി. അതിൽ പ്രധാനമായും പഠനവിഷയമാക്കിയത്, ആഗോളതലത്തിൽ അന്തരീക്ഷമലിനീകരണ തോത്, ഓസോണിന്റെ തകർച്ച, അന്തരീക്ഷമലിനീകരണം ഓസോൺ പാളികളെ എത്രമാത്രം ബാധിക്കുന്നു, ഇതുമൂലം ഭൂമിയെ അത് എത്രമാത്രം നാശത്തിലേയ്ക്ക് നയിക്കുന്നു തുടങ്ങിയ പഠനങ്ങൾ ഇന്നു നടന്നുകൊണ്ടിരിക്കുന്നു.

മലിനീകരണത്തിന്റെ മറ്റൊരു ദോഷഫലമാണ് അമ്ലമഴ. പെട്രോളിയം, ഡീസൽ പോലെയുള്ള ഇന്ധനങ്ങൾ കത്തുമ്പോൾ ഉത്പാദിപ്പിക്കപ്പെടുന്ന നൈട്രജന്റെയും, സൾഫറിന്റെയും ഓക്സൈഡുകൾ അന്തരീക്ഷത്തിലെത്തി, ഓക്സിജനും, നീരാവിയുമായി ചേർന്ന് നൈട്രിക് സൾഫ്യൂരിക് അമ്ലങ്ങൾ ഉണ്ടാക്കുകയും അമ്ലമഴയായി പെയ്തിറങ്ങുകയും ചെയ്യുന്നു. ഈ അമ്ലം താഴെ പതിക്കുന്നതിന്റെ ഫലമായി മണ്ണിനെ ദുഷിപ്പിക്കുന്നു. മാത്രമല്ല, ജലാശയങ്ങളിൽ എത്തിച്ചേരുന്നതിനു കാരണമായിത്തീരുന്നു. ഇത് മനുഷ്യനും ജീവജാലങ്ങൾക്കും ഹാനികരമാകുന്നു. ഈ അമ്ലാംശം ജലാശയങ്ങളിൽ കലരുകവഴി, ആവാസവ്യവസ്ഥയെ തകിടം മറിക്കുന്നു. അമ്ലം മണ്ണിൽ പതിക്കുമ്പോൾ മണ്ണിന്റെ രാസഘടനയിൽത്തന്നെ മാറ്റം സൃഷ്ടിക്കാൻ ഇത് സാഹചര്യം ഒരുക്കുന്നു. അത് തീർച്ചയായും ജീവജാലങ്ങളുടെ നാശത്തിന് ഭീഷണിയായിതീരുന്നു. ഓസോൺ പാളികളുടെ വിള്ളലുകൾക്ക് കാരണമായിതീരും എന്നതിൽ യാതൊരു സംശയവുമില്ല.

സൂര്യനിൽനിന്ന് ഉൽസർജ്ജിക്കപ്പെടുന്ന അപകടകാരികളായ അൾട്രാവയലറ്റ് രശ്മികൾ വർദ്ധിച്ചതോതിൽ ഭൗമോപരിതലത്തിൽ പതിച്ചാൽ അത് മനുഷ്യനും ജന്തുക്കൾക്കും ഹാനികരമാവുകയും ആഗോളവ്യവസ്ഥയെതന്നെ താറുമാറാക്കുകയും ചെയ്യും. ഈ വികിരണങ്ങളെ തടഞ്ഞുനിർത്തുന്ന ഭൂമിയുടെ സ്വാഭാവിക ആവരണമാണ് ഓസോൺപാളികൾ. സ്ട്രാറ്റോസ്ഫിയറിൽ സ്ഥിതിചെയ്യുന്ന ഒരു നേരിയ വാതകപാളിയാണിത്. 1970 കളിൽ അന്റാർട്ടിക്കയിൽ നടത്തിയ ഗവേഷണങ്ങളുടെ ഫലമായും മറ്റും ഈ പാളി ശോഷിച്ചുകൊണ്ടിരിക്കുന്നതായി ശാസ്ത്രങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഫോം നിർമ്മാണം, ഇലക്ട്രോണിക്വ്യവസായം എന്നീ മേഖലകളിലും ശീതീകരണികളിലും ഉപയോഗിക്കുന്ന ക്ലോറോഫ്ലൂറോ കാർബണുകൾ, ഓസോൺ തന്മാത്രകളെ വിഘടിപ്പിക്കുന്നതാണിതിനു കാരണമായി തീർന്നിട്ടുണ്ട്. ഓസോൺ പാളി ശോഷണം നിമിത്തം ഉയർന്ന തോതിൽ അൾട്രാവയലറ്റ് രശ്മികൾ ഭൂമിയിൽ എത്തുന്നു. ഇത് ത്വക്ക് രോഗങ്ങൾ, അർബുദം, തിമിരം, എന്നീ രോഗങ്ങൾക്ക് കാരണമാകുന്നു.

ചുരുക്കത്തിൽ, ഈ പ്രശ്നങ്ങളിൽ നിന്ന് രക്ഷനേടുവാൻ, ഭൂമീദേവിക്ക് സാധിക്കണമെന്നില്ല. മനുഷ്യരായ നാം അല്പമെങ്കിലും പ്രകൃതിയെ സംരക്ഷിക്കാൻ ബാദ്ധ്യസ്ഥരാണ്. ഇതിന്റെ ഭാഗമായി വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുക, തടയിണകൾ നിർമ്മിക്കുക, മലിനീകരണം കുറയ്ക്കുക, പരിസ്ഥിതി ശുചീകരണം പാലിക്കുക ഇത്രയെങ്കിലും ചെയ്യാൻ നമുക്ക് സാധിച്ചാൽ നല്ലൊരു നാളയെ പ്രതീക്ഷിക്കാം....

***സഹായകഗ്രന്ഥങ്ങൾ***


1. സുഗതകുമാരി – 'കാവുതീണ്ടല്ലേ'
2. സമകാലികജീവിതം


* * * * *